# ദർപ്പണം

വ്യക്തതയോടെ...വ്യത്യസ്തതയോടെ...

## ഒരു നിമിഷം

വാർത്താമാധ്യമങ്ങൾ വളരെയേറെ സ്വാധീനം ചെലുത്തുന്ന ഒരു യുഗത്തിലാണല്ലോ നാം ജീവി ക്കുന്നത്. എന്തും ഏതും വാർത്തയാക്കുന്ന ഒരു പ്രവണത ഇവിടെ വളരുന്നു, എങ്കിലും സാമാന്യജനങ്ങളുടെ യഥാർത്ഥപ്രശ്നങ്ങൾ ജനസമക്ഷത്തിൽ എത്തിക്കുവാൻ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക് അദ്വിതീയമാണ്.

ഈ സ്കൂൾ കാമ്പസിന്റെ സ്പന്ദനങ്ങളെ പ്രതിഫലിപ്പിക്കുന്ന . . . ഇതിന്റെ ജീവനാഡിയാകുന്ന ഒരു പ്രസിദ്ധീകരണം എന്ന ആശയം . . . ഈ ദർപ്പണത്തിനു വഴിതെളിച്ചു.

നമ്മുടെ സന്തോഷ സന്താപങ്ങളും നേട്ടങ്ങളും കോട്ടങ്ങളും എല്ലാം ഇതിൽ പ്രതിഫലിക്കുമെന്ന വിശ്വാസത്തോടെ സദയം സമർപ്പിക്കുന്നു. . .

എഡിറ്റർ,
ദർപ്പണം

വാർത്താ മാസിക.

## ലേഖകരെ ആവശ്യമുണ്ട്.

ദർപ്പണത്തിനായി ചുറുചുറുക്കും സൂക്ഷ്മ ദൃഷ്ടിയും നർമബോധവും ഉള്ള പ്രാദേശിക ലേഖകരെ ആവശ്യമുണ്ട്.

അർഹമായ പരിഗണനയും പ്രോത്സാഹനവും ലഭിക്കും.

താത്പര്യമുള്ളവർ താഴെ പറയുന്ന വിലാസത്തിൽ അപേക്ഷിക്കുക..

എഡിറ്റർ,
ദർപ്പണം
വന്ദേമാതരം,
വെളിയന്നൂർ

## കേരളനിയമസഭ : ഇന്ത്യൻ നിയമനിർമ്മാണ വ്യവസ്ഥയിലെ ഉദാത്ത മാതൃക - ശ്രീ. മോൻസ് ജോസഫ്. MLA



വെളിയന്നൂർ: ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരള നിയമസഭ എന്ന് ശ്രീ. മോൻസ് ജോസഫ്. MLA പറഞ്ഞു. വന്ദേമാതരം സ്ക്കൂളിലെ പാർലമെന്ററി ലിറ്ററസി ക്ലബ്ബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ആദ്യമായി പാർലമെന്ററി ലിറ്ററസി ക്ലബ്ബ് രൂപീകരിച്ചത് ഈ സ്ക്കൂളിലാണ് എന്നത് അഭിനന്ദനീയമാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്കൂളിലെ പ്രവർത്തനങ്ങളിൽ സന്തുഷ്ടി പ്രദർശിപ്പിച്ച അദ്ദേഹം 2 കമ്പ്യൂട്ടറും ഒരു പ്രിന്ററും അനുവദിച്ചു.

യോഗത്തിൽ ബഹു. പഞ്ചായത്ത് പ്രസി. ശ്രീ. MN രാമകൃഷ്ണൻ നായർ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. രാജേഷ് മറ്റപ്പിള്ളിൽ, ശ്രീ.. കെ എസ്. ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ക്ലബ്ബിന്റെ കൺവീനർ ശ്രീ. M. ശ്രീകുമാർ സ്വാഗതവും സെക്രട്ടറി. ബിബിത ബാബു നന്ദിയും രേഖപ്പെടുത്തി.

## സർവ്വംസഹന്മാരീ ആൺകുട്ടികൾ

ക്ഷമ, സഹനം ഇവ സ്ത്രീകളുടെ മുഖമുദ്ര എന്നാണല്ലോ വയ്പ്. എന്നാൽ വന്ദേമാതരം സ്ക്കൂളിലെ ആൺകുട്ടികൾ ഈ മുൻ ധാരണകളെ തിരുത്തുന്നു. ഒന്നു മുഖം കഴുകുവാൻ, ഭക്ഷണം കഴിച്ച പാത്രം വൃത്തിയാക്കാൻ കാതങ്ങൾ താണ്ടുന്ന ഇവരുടെ ദു:ഖങ്ങൾ ആരറിയാൻ ? മാസങ്ങളായി ആൺ കുട്ടികൾക്കുള്ള പൈപ്പുകൾ പണിമുടക്കിയിരിക്കയാണ്. ആൺ കുട്ടികളല്ലേ.... അവർ ക്കിതുമതി എന്നമനോഭാവമാണ് അധികൃതർക്കുള്ളത് എന്ന് ചിലർ കുശുകുശുക്കുന്നു. എന്തായാലും എല്ലാം സഹിച്ച് പരിഭവമില്ലാതെ,പരിതാപ മില്ലാതെ അവർ ദിനങ്ങൾ കഴിച്ചുകൂട്ടുന്നു. എന്നെങ്കിലും മിഴിയുള്ളവർ കണ്ണുതുറക്കും ... കാണും.. എന്ന പ്രത്യാശയിൽ!

## വായനാവാരം ആചരിച്ചു.

കാലമെത്ര മാറിയാലും വായനക്കു തുല്യം വായന മാത്രം എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് വായനാവാരം വിവിധ പരിപാടികളോടെ ആചരിച്ചു. വായനാദിനമായ ജൂൺ 19 ന് രാവിലെ ചേർന്ന പ്രത്യേക അസംബ്ലിയിൽ വായനയുടെ പ്രധാന്യത്തെക്കുറിച്ച് പ്രിൻസിപ്പാൾ ശ്രീ.KS ജോസഫ് സംസാരിച്ചു. വായനാദിനസന്ദേശം കുമാരി. ഐശ്വര്യ സുരേഷ് നൽകി. UP,HS,HSS തലങ്ങളിലായി ക്വിസ്സ് മത്സരങ്ങൾ നടന്നു. യുപി വിഭാഗത്തിൽ ആര്യാമോൾഗീരീഷ്, ആകാശ്വിനോദ്, HS വിഭാഗത്തിൽ ശില്പ രാധാകൃഷ്ണൻ, ബിബിത ബാബു, HSS വിഭാഗത്തിൽ അമൃത കെ ബാബുരാജ് ആര്യ കെ.എസ് എന്നിവർ വിജയികളായി..

ക്ലാസ്സ് തലമത്സരത്തിൽ 19 മുതൽ 25 വരെ നടന്ന വിവിധ പരിപാടികളിൽ മികച്ച പ്രകടനം കാഴ്ചവച്ച ഓരോ കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകി. ഗായത്രി എച്ച്, അശ്വിൻ പ്രസാദ്, കൃഷ്ണപ്രിയ, ശില്പാ ഷാജി, ഐശ്വര്യാ സുരേഷ്, സ്നേഹ സജീവൻ തുടങ്ങിയവരാണ് സമ്മാനത്തിന് അർഹരായത്.

വിജയികൾക്ക് പ്രിൻസിപ്പാൾ ശ്രീ. KS ജോസഫ് സമ്മാനദാനം നിർവഹിച്ചു



## മൊട്ടക്കുന്നിലെ തെരുവപ്പുല്ലുകൾ

മൊട്ടകുന്നിൽ രണ്ടുമൂന്നു തെരുവപ്പുല്ലുകൾ വളർന്നാൽ എന്ന പോലെ നെഞ്ചിൽ കിളുത്ത ചില രോമങ്ങൾ പ്രദർ ശിപ്പിക്കാനായി ഷർട്ടിന്റെ ബട്ടൺ പകുതിയും തുറന്നിട്ടു ചില കൗമാര പുരുഷ കേസരിമാർ കാമ്പസ്സിൽ വിലസുന്നു.! മറ്റു ചിലരാവട്ടെ ഷർട്ട് ഇൻ ചെയ്യുന്നതു ട്രാൻസ്പോർട്ടുബസ്സിലെ ഷട്ടറിന്റെ അവസ്ഥയിലായി പകുതി പുറത്തും പകുതി അകത്തും!!ഇത്തരം ശരീരപ്രദർശകരെ ഉൾപ്പെടുത്തി ഒരു ശരീരസൗന്ദര്യ മൽസരം നടത്തേണ്ടതാണ് എന്ന ആവശ്യവും ഉയർന്നു വന്നിട്ടുണ്ട്. ഒരു മി. വന്ദേമാതരത്തിനെ കാണാനായി എത്ര നാൾ കാത്തിരിക്കേണ്ടി വരുമൊ ആവോ?

## വിശ്വനഭസിൽ വന്ദേമാതരം

ലോകത്തിലെ ഏതു വിവരവും വിരൽ ത്തുമ്പിൽ എത്തിക്കുന്ന വിവര സാങ്കേതികവിദ്യ- ഇന്റർനെറ്റ്- മാനവജീവിതത്തിൽ അവിഭാജ്യഘടകമായിരിക്കുകയാണ്. **WEB PAGE** കളും **BLOG** കളും സർവ സാധാരണമായ ഈ വേളയിൽ വന്ദേമാതരം സ്കുളിനും സ്വന്തമായി ഒരു ബ്ലോഗുണ്ട്.

ലോകത്ത് എവിടെ ഇരുന്നും ഇന്റർനെറ്റുവഴി നമ്മുടെ സ്ക്കൂൾ വിശേഷങ്ങൾ അനായാസം അറിയുവാൻ സാധിക്കും .കാലത്തിനൊത്തു മാറ്റങ്ങൾ ഉൾക്കൊള്ളുവാനും പുതിയവയെ സ്വാംശീകരിക്കുവാനും നമ്മുടെ സ്ക്കൂൾ എന്നും മുമ്പിലാണ് എന്നതിന് മികച്ച ഉദാഹരണമാണ് ഈ സംരംഭം **Our blog address: vandematharamvhss veliyannoor.blogspot.com** സന്ദർശിക്കൂ.